Malappuram District Police

**07/06/2018 മലപ്പുറം**

സ്ത്രീസുരക്ഷ ഉറപ്പുവരുത്താനായി പിങ്ക് പോലീസും. മലപ്പുറം വനിതാ സെല്ലിന് നൽകിയ വാഹനം എസ്.പി. പ്രതീഷ്കുമാർ ഉദ്ഘാടനംചെയ്തു. മഹീന്ദ്രയുടെ കെ.യു.വി. വാഹനമാണ് പട്രോളിങ്ങിന് എത്തിയിട്ടുള്ളത്. ജില്ലയ്ക്ക് ലഭിച്ച ആദ്യത്തെ വാഹനമാണിത്. രാവിലെ എട്ടുമുതൽ രാത്രി എട്ടുവരെ വാഹനത്തിന്റെ സേവനമുണ്ടാവും. 1515 എന്ന നമ്പരിൽ വിളിച്ചാൽ സ്ത്രീകൾക്കുള്ള പരാതികൾ കേൾക്കാൻ ഈ പിങ്ക് വണ്ടി ഉടൻ അവിടെയെത്തും. എസ്.ഐ. ഗീത, രജനി, സരിത, സ്വയംപ്രഭ, പ്രജിത എന്നിവർക്കായിരുന്നു ആദ്യദിനം വണ്ടിയുടെ ചുമതല. ഡിവൈ.എസ്.പി.മാരായ കെ.വി. പ്രഭാകരൻ, ഹരിദാസ്, സി.ഐ. ഷെർലക് മാണി, എസ്.ഐ.മാരായ ഇന്ദിരാമണി, സന്ധ്യ, സുബൈദ തുടങ്ങിയവർ പങ്കെടുത്തു.